
# RAY OF HOPE


ഗവ:ഹയർ സെക്കന്ററി സ്കൂൾ
പെരിക്കല്ലൂർ
PH : 04936 234230
വയനാട് ജില്ലാപഞ്ചായത്ത്
ഗവ: ഹൈസ്കൂൾ പെരിക്കല്ലൂർ

# DIGITAL MAGAZINE

# RAY OF HOPE

# ആശംസകൾ

വിദ്ധ്യാർത്ഥികളുടെ സർഗാത്മകതയെ

പരിപോഷിപ്പിക്കുന്നതിനുവേണ്ടി ലിറ്റിൽ കൈറ്റ്സിന്റെ

അഭിമുഖ്യത്തിൽ പുറത്തിറങ്ങുന്ന " RAY OF HOPE " എന്ന

ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

മനോഹരമായി തയ്യാറാക്കുന്ന  മാഗസിൻ പിന്നിൽ

പ്രവർത്തിക്കുന്ന അധ്യാപകരെയും കുട്ടികളെയും

അഭിനന്ദിക്കുന്നു



ഹെഡ്മാസ്ററർ

ഷാജിപുൽപ്പളളി

# ആശംസ

പെരിക്കല്ലൂർ ഗവൺമെൻറ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ അണിയിച്ചൊരുക്കുന്ന 'Ray of Hope ' എന്ന മാഗസിൻ നമ്മുടെ പ്രതീക്ഷയാണ്.ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷയില്ലാതെ,ജീവിതത്തിൽ നിന്നുതന്നെ ഒളിച്ചോടാൻ ശ്രമിക്കുന്ന, നിസ്സംഗരായിപ്പോകുന്ന ഒരു തലമുറയ്ക്ക് മുന്നിൽ പ്രതീക്ഷയുടെ നാളം ഇനിയും അണഞ്ഞിട്ടില്ലെന്ന് ഓർമ്മിപ്പിക്കുകയാണ് ഈ മാഗസിൻ.നമ്മുടെ വിദ്യാലയത്തിനും നാടിനും എല്ലാം പ്രതീക്ഷയുടെപ്രകാശകിരണങ്ങളാകാൻ നമുക്കേവർക്കും കഴിയട്ടെ ...



ഷാജി ടീച്ചർ

പെരിക്കല്ലൂർ ഗവൺമെൻറ് സ്കൂളിലെ പ്രിയപ്പെട്ട കുഞ്ഞുമക്കളുടെ നേതൃത്വത്തിൽ RAY OF HOPE എന്ന പേരിൽ ഒരു മാഗസിൻ തയ്യാറാക്കുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്. ഇതിനു വേണ്ടി നേതൃത്വം വഹിക്കുന്ന പെരിക്കല്ലൂർ ഗവണ്മെന്റ് സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ നേരുകയാണ്. കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുവാനും അറിവിന്റെ ചക്രവാളങ്ങളിലേക്ക് ഉയർത്തുവാനും ഇതിനു സാധിക്കുമാറാകട്ടെ. സർഗാത്മകമായ സൃഷ്ടികളിലൂടെ മനുഷ്യത്വം, സമഭാവന, സഹജീവിസ്നേഹം എന്നിവയെകുറിച്ചു മനസിലാക്കാനും ഉന്നതമായ സാംസ്കാരിക നിലവാരം പുലർത്തുന്ന വ്യക്തികളായി തീരുവാനും അറിവിൽ നിന്ന് തിരിച്ചറിവിലേക്ക് ഉയരുവാനും പ്രിയപ്പെട്ട കുഞ്ഞുമക്കൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.



മനു ഇ.എം

# Open Your Eyes

When I look your Eyes
It speaks to me
I know your happiness
When your eyes glitters
Narrow eyes looks in
Suspicion
Soften eyes gives an
affection of Love
I could see your fear
that widens your Eyes
Oh! Look you are so
tired and bored
as your eyes are glazed
When eyes weep in sadness
tears find their way.
But, I like your
Smile on Eyes
You could see these
Colours of Eyes When
you looks through heart
Keep your Eyes Open.

Ardra Alex

# LIFE

life is a gift, accepted it
life is an opportunity, seize it
life is a promise, full fill it
life is a challenge, overcome it
life is a lesson, learn from it
life is a journey, complete it

Meghana George

"ONE CHILD, ONE TEACHER
ONE PEN AND ONE
BOOK CAN CHANGE THE
WORLD"__
MALALA YOUSAFZAI

# പ്രണയനിലാവ്

നിറവും പൊൻ നിലവും
മനവും നിന്നുടെ ഉടലും
ചിതയും ആ മരവും
പൊൻ നിലവിൽ വാഴും
കുയിലും
നിറയും സ്നേഹം
മനസ്സിൽ നിന്നുടെ ഓർമ്മകൾ
എന്നുടെ വാഴ്വും
എന്നുടെ മനസ്സിൽ മുഴുവൻ
നീയും
എന്നുടെ ജീവൻ നീയേ
നിന്നുടെ ഓർമ്മകൾ മനസ്സിൽ
നിറയും നിമിഷം എന്നുടെ
ഹൃദയം
മുഴുവൻ നീയല്ലേ

Shajon p Shaiju

## അച്ഛൻ

മുറ്റത്തെ മാവിൻ ചുവട്ടിൽ നിന്നെന്നെ അവസാനമായി നോക്കിയതും ഓരോർമ്മ
എന്നുള്ളിൽ എങ്ങോ ഒരു മഞ്ഞുതുള്ളി പെയ്തിട്ടുന്നു .....
ഇനിയാ കൈകൾ ചേർത്തെന്നെ  പിടിക്കില്ല ഒരിക്കലും
 ആ കൈകളിൽ സുരക്ഷിതത്വം അറിയില്ല ഒരിക്കലും .....
നഷ്ടമോതുവാൻ എനിക്കാവില്ല
എൻ മനസ്സിൽ ജന്മം നൽകിടുന്ന പുതിയൊരു സ്വപ്നത്തിലെ അച്ഛന്
ഇനിയകലില്ലെന്നു വാക്ക് നൽകും മനം പറയാതെ പറന്നകന്ന പക്ഷിക്ക് ....
വീണ്ടും ഒരു ചില്ലകിട്ടിയ പോലെ....
തളർന്ന മനസ്സിലേക്ക് തണുത്ത കാറ്റുപോലെ....
താരാട്ട് കേൾക്കുവാനായി കാതുകൊതിച്ചീടുന്നു ....
എല്ലാം ഒരു സ്വപ്നം
ഞാനും എൻറെ ജീവിതവും ഒരു സ്വപ്നം...

Sreya Reji T

## അപ്പുവിൻ്റെ അനുജൻ

ഒരു ദിവസം അപ്പുവും കൂട്ടുകാരും കൂടി ഫുട്ബോൾ കളിക്കുകയായിരുന്നു. അപ്പോൾ ബോൾ കാട്ടിലേക്ക് പോയി. അതെടുക്കാൻ വേണ്ടി അപ്പു പോയി. അവൻ ബോൾ എടുത്തപ്പോൾ വല്ലാണ്ട് പേടിച്ചു. കാരണം അവിടെ ഒരു ശവശരീരം  കിടപ്പുണ്ടായിരുന്നു. അവർ പേടിയോടുകൂടി  പോലീസ് സ്റ്റേഷനിൽ വിളിച്ചു. പോലിസ് വന്ന് ശവശരീരം തിരിച്ചിട്ടു. അത് കണ്ട് അപ്പു വളരെയധികം പേടിച്ചു. കാരണം അത് അവന്റെ അനിയൻ്റെ ശവശരീരമായിരുന്നു. അവൻ വളരെ വിഷമത്തിൽ വീട്ടിലേക്ക് മടങ്ങി. അവൻ അവൻ അനിയൻ്റെ മുറിയിലേക്ക് ചെന്നു. എന്നാൽ അനിയൻ അവിടെ ഇരുപ്പുണ്ടായിരുന്നു.അപ്പു വല്ലാണ്ട് പേടിച്ചു. സ്വപ്നമാണോ എന്നറിയാൻ അനിയനെ തൊട്ടു. എന്നാൽ അത് ശരിക്കും അവൻ്റെ അനിയനായിരുന്നു. അനിയൻ ചോദിച്ചു: എന്താ ചേട്ടാ പേടിച്ചിരിക്കുന്നേ.... എന്തെങ്കിലും പ്രശ്നമുണ്ടോ?

അവൻ പറഞ്ഞു: ഇല്ല, ഞാൻ ഇപ്പോൾ വരാം. എന്നിട്ട് അവൻ ഓടി കളിസ്ഥലത്ത് എത്തി. പോലീസിൻ്റെ സമ്മതത്തോട് കൂടി ആ ശരീരം അവൻ തൊട്ടു അവൻ ശരിക്കും ഞെട്ടിപ്പോയി. ഇത് അനിയൻ തന്നെയാണല്ലോ. അവൻ പെട്ടെന്ന് സ്വപ്നത്തിൽ നിന്ന് ഉണർന്നു.

ADHIL

# മഴവില്ലേ

മഴവില്ലേ.... മഴവില്ലേ....
താഴത്തേക്കു വരുന്നില്ലേ...
മഴവില്ലേ.... മഴവില്ലേ...

കളിക്കാനവിടെ ആരുണ്ട്?
ഉണ്ടല്ലോ എനിക്കിവിടെ
കൂട്ടായി മേഘങ്ങള്

**ഇഷ ആൻ ഷിബു**

# വേനൽപച്ച

ഒരിടത്ത് ഒരു അമ്മക്കളിയും കുഞ്ഞി കിളിയും ഉണ്ടായിരുന്നു.അവർ സന്തോഷത്തോടെ ജീവിക്കുകയായിരുന്നു.അപ്പോഴാണ് വേനൽക്കാലം തുടങ്ങിയത്.അവർക്ക് കുടിക്കാൻ എങ്ങുമില്ല ഒരു തുള്ളി വെള്ളം. ദാഹം കൊണ്ട് തൊണ്ട വരളുന്നു-കുഞ്ഞിക്കിളി പറഞ്ഞു.അമ്മേ ഞാനിപ്പോൾ ചത്തുപോകും എന്ന് തോന്നുന്നു. കുഞ്ഞേ അങ്ങ് ദൂരെ ഒരു ഇടമുണ്ട്. അവിടെ ഒരുപാട് നല്ല മനുഷ്യരും ഉണ്ട്. അമ്മക്കിളി കുഞ്ഞിക്കിളിക്ക് വഴി പറഞ്ഞു കൊടുത്തു.കുഞ്ഞിക്കിളി അവിടേക്ക് പറന്നു. കുന്നുകളും മലകളും താണ്ടി വരണ്ട വയലുകളും വറ്റിയ പുഴകളും കടന്ന് കുഞ്ഞിക്കിളിക്ക് ദൂരെ നിന്ന് തന്നെ ആ കാഴ്ച കാണാൻ കഴിഞ്ഞു. ഒരു കുളവും അതിനുചുറ്റും നിന്ന് പക്ഷികൾ വെള്ളം കുടിക്കുന്നത് കണ്ടു. അടുത്തെത്തിയപ്പോഴാണ് അത് മനുഷ്യർ നിർമ്മിച്ചതാണെന്ന് മനസ്സിലായത്. ഇത് കണ്ടു സങ്കടപ്പെട്ട് നിന്ന കുഞ്ഞുക്കിളിക്ക് അവിടെ നിന്ന കുട്ടികൾ വയറു നിറയെ വെള്ളം കൊടുത്തു. ഇത്രയും നല്ല മനുഷ്യരെയും പ്രകൃതിയെയും കണ്ട കുഞ്ഞിക്കിളി അവിടെ തന്നെ താമസിച്ചു. വളർന്നു വലുതായി എല്ലാവരോടും ഇണങ്ങി ജീവിക്കാൻ തുടങ്ങി.

Raniya Gafoor

# കൂട്ടുകൂടാം വായനയോട്

വായന ഒരു കലയാണ് വായന നമ്മൾ മലയാളികളുടെ സംസ്കാരത്തിൻ്റെ ഭാഗമാണ് പണ്ടുമുതൽക്കേതന്നെ പിന്തുടർന്ന് വരുന്ന ഒരു കലയാണ് വായന ഇത് നമ്മുടെ അറിവ് വർധിപ്പിക്കുന്നു. ഇത് നമുക്ക് ആത്മ സംതൃപ്തി നൽകുന്നു. ഇതിലൂടെ പ്രചോദനം ഉൾകൊണ്ട് മുന്നേറാൻ സഹായിക്കുന്നു. നിരവധി കഥകളും കവിതകളും ഇതിന് ഉദാഹരണങ്ങളാണ്. നമ്മുടെ ഭാഷയായ മലയാളത്തിൽ തണ നിരവധി കഥകളും കവിതക്കളും രചിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ ഫോണിൻ്റെയും കമ്പ്യൂട്ടറിന്റെയും അമിത ഉപയോഗം മൂലം വായന എന്ന ഈ കലയെ മറന്നുകഴിഞ്ഞു ഇത് നമ്മുടെ ജീവിതന്നെ സാരമായി ബാധിക്കുകയും ചെയ്യുന്നു. വായന എന്ന കലയെ തിരികെകൊണ്ടുവരാനായി നാം ഓരോരുത്തരും പരിശ്രമിക്കേണ്ടതാണ്. ഇതിനായി നമ്മൾ എപ്പോഴും വായന ഒരു കലയായി കുടെകൂട്ടണം. വായന നമ്മളിൽ സ്നേഹവും ദയയും സഹജീവികളോട് കരുന്നയും കാണിക്കാൻ സഹായിക്കുന്നു. മറ്റ് ഇതരഭാഷകളായ ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലും നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. ഇതെല്ലാം നമ്മൾ നിത്യേന വായിക്കേണതുണ്ട്. വായന ഈ സമൂഹത്തിൻ്റെയും ഈ തലമുറയുടെയും അടിസ്ഥാന ഘടകമാണ്. ഡിജിറ്റൻ ഉപകരണങ്ങളായ ഫോണും കമ്പ്യൂട്ടറും  അനാവശ്യമായി ഉപയോഗിക്കുന്നതിനു പകരം നമുക്ക് പ്രയോജനവും അറിവും വർധിപ്പിക്കുനതിന് ഉപയോഗിക്കുക.ഇനിനായി ഇതിൽ സാധ്യമായ മാർഗങ്ങൾ ഉപയോഗിച്ചു വായിക്കാൻ ശ്രമിക്കുക ഇത് നമുക്ക് ആത്മസംതൃപ്തി വർധിപ്പിക്കുകയും അറിവുകൾ നേടാൻ കഴിയുകയും ചെയ്യും ഇത് പുതു തലമുറക്ക് ഒരു മുതൽക്കൂട്ടാണ്.ഇത് ഇന്നത്തെ സമൂഹത്തിലെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമാണ്. അതിന് കുട്ടികളായ നമ്മൾ മുൻകൈ എടുക്കേണ്ടതാണ്.

ഇതിനായി കഥകളും നോവലുകളും ചരിത്രഗ്രന്ഥങ്ങളും സൈക്കോളജിക്കൽ ഗ്രന്ഥങ്ങളും നമ്മൾ വായിക്കേണ്ടതാണ്. ഇത് നമ്മുടെ ധൈര്യം വർധിപ്പിക്കുകയും പ്രചോദനം ഉൾക്കൊണ്ട് മുന്നേറാൻ സഹായിക്കുന്നു. കൂടാതെ വായന ഒരു മനുഷ്യൻ്റെ സ്വഭാവരൂപീകരണത്തിൽ വലിയ പങ്ക് വഹിക്കുന്നു. ഇത് നമ്മുടെ ലോകപരിചയം വർധിപ്പിക്കുന്നു. അത് കൊണ്ടുതന്നെ നമ്മൾ വായനയെ സ്നേഹിക്കുകയും നമ്മുടെ സംസ്ക്കാരത്തിൻ്റെ ഭാഗമാക്കുകയും വേണം.അത് കൊണ്ട് തന്നെ വായനയെ നമുക്ക് പ്രോത്സാഹിപ്പിക്കാം അതിന് വേണ്ടി പ്രവർത്തനങ്ങൾ നടത്താം. വായന എന്നെ കലക്ക് പുതുജീവൻ പകരാം നമുക്ക്.

ഒരുമിച്ച് പോരാടാം.

Anamika cs

BE CAREFUL ABOUT READING OF HEALTH BOOKS,YOU MAY DIE OF MISPRINT.

- MARK TWAIN

# REPUBLIC DAY2024



## പെരിക്കല്ലൂർ സ്കൂളിൽ റിപ്പബ്ലിക് ദിനം ആഘോഷിച്ചു.

പെരിക്കല്ലൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ഭാരതത്തിൻറെ 75 ആം റിപ്പബ്ലിക് ദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. പ്രിൻസിപ്പാൾ ദേശീയ പതാക ഉയർത്തി. തുടർന്ന് നടന്ന സാംസ്കാരിക സമ്മേളനം വാർഡ് മെമ്പർ ജോസ് നെല്ലേടം ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡണ്ട് ഗിരീഷ് കുമാർ ജി ജി അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ പി കെ വിനുരാജൻ മുഖ്യ സന്ദേശം നൽകി. ഹെഡ്മാസ്റ്റർ ഷാജി പുൽപ്പള്ളി സ്വാഗതം ആശംസിച്ചു. എസ് എം സി ചെയർമാൻ ഷിജു കൊച്ചുപുരയിൽ, എം പി ടി എ പ്രസിഡൻറ് ഗ്രേസി റെജി, കുമാരൻ മാസ്റ്റർ, ഷാൻറി ഇ കെ, രതീഷ് സി വി, കുമാരി മരിയ ജെയിംസ്, കുമാരി എമിൽടാ മേരി ഷിബു, കുമാരി റിയാ ഫാത്തിമ എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ പ്രഭാഷണം, റിപ്പബ്ലിക് ദിന സന്ദേശം, ദേശഭക്തിഗാനം, നൃത്തശില്പം തുടങ്ങിയ വിവിധ കലാപരിപാടികൾ നടന്നു. പരിപാടികൾക്ക് സമാപനം കുറിച്ച് പായസവിതരണം നടത്തി.







# FREEDOM FEST 2023-24




*ഫ്രീഡം ഫെസ്റ്റ് 2023 നടത്തി*

പെരിക്കല്ലൂർ : പെരിക്കല്ലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ ഫ്രീഡം ഫെസ്റ്റ്  ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഫ്രീ സോഫ്റ്റ് വെയർ പ്രചരണാർത്ഥം സംഘടിപ്പിച്ചഈപരിപാടിയിൽ അർഡിനോ കിറ്റ് ഉപയോഗിച്ച് ഐ ടികോർണർ , വീഡിയോ പ്രദർശനം, വിദഗ്ധ ക്ലാസുകൾ വിവിധ മത്സരങ്ങൾ ഇവ നടത്തി. ഹെഡ്മാസ്റ്റർ ഷാജി കെ ജി ഉദ്ഘാടനം നിർവഹിച്ചു. പി.ടി.എ പ്രസിഡണ്ട് ഗിരീഷ് കുമാർ ജി ജി , കുമാരൻ സി സി, ഷാജി മാത്യു , രതീഷ് സി വി  ഇവർ ആശംസകൾ അറിയിച്ചു. കൈറ്റ് മിസ്ട്രസുമാരായ ഷിനോ എ പി , സിജു എൽദോസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# സാഹിത്യപുരസ്കാര സമർപ്പണം 2024

**പെരിക്കല്ലൂർ ഗവ.ഹയർ സെക്കൻഡറി സ്കൂൾ സാഹിത്യവേദിയുടെ രണ്ടാമത് സാഹിത്യ പുരസ്കാരം തൃശൂർ മതിലകം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥിനി ഇ.എസ്. ആമിക്ക് എഴുത്തുകാരൻ പി.കെ. പാറക്കടവ് സമർപ്പിക്കുന്നു.**



പുൽപള്ളി:പെരിക്കല്ലൂർ ഗവ.ഹയർ സെക്കൻഡറി സ്കൂൾ സാഹിത്യവേദിയുടെ രണ്ടാമത് സാഹിത്യ പുരസ്കാരം തൃശൂർ മതിലകം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ പത്താംക്ലാസ് വിദ്യാർഥിനി ഇ.എസ് ആമിക്ക് എഴുത്തുകാരൻ പി.കെ.പാറക്കടവ് സമർപ്പിച്ചു. ഇന്നത്തെ കറുത്ത കാലത്തിൽ വായനയും എഴുത്തും ശക്തമായ പ്രതിരോധ പ്രവർത്തനമാണെന്ന് അദ്ദേഹം പറഞ്ഞു. കൊയ്തൊഴിഞ്ഞ പാടങ്ങൾ പോലെയുള്ള ഗ്രാമനൻമകളെ തിരിച്ചുപിടിക്കാൻ സാഹിത്യ പ്രവർത്തനങ്ങൾക്ക് കഴിയും. പുസ്തകം നശിച്ചാൽ സംസ്കാരം ഇല്ലാതാകുമെന്ന് പാറക്കടവ് പറഞ്ഞു. കുട്ടികളുടെ ഉള്ളിലെ നൻമയുടെ തീ ആളിക്കത്തിക്കാൻ സാഹിത്യവേദിക്ക് കഴിയട്ടെ എന്ന് ആശംസിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പിടിഎ പ്രസിഡന്റ് ജി.ജി.ഗിരീഷ്കുമാർ അധ്യക്ഷത വഹിച്ചു. വിശിഷ്ടാതിഥിയെ മുള്ളൻകൊല്ലി പഞ്ചായത്ത് അംഗം ജോസ് നെല്ലേടം ആദരിച്ചു. എഴുത്തുകാരായ സി.പി.സുജിത, സിബി പുൽപള്ളി, റിട്ട.ഡി.ഇ.ഒയും ചിത്രകാരിയുമായ പി.എൻ.സതി, എം.പി.ടി.എ പ്രസിഡന്റ് ഗ്രേസി റെജി, പ്രിൻസിപ്പൽ പി.കെ.വിനുരാജൻ, ജയശ്രീ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ കെ.ആർ.ജയരാജ്, സീനിയർ അസിസ്റ്റന്റ് ഷാജി മാത്യു, സ്റ്റാഫ് സെക്രട്ടറി സി.വി.രതീഷ്, ഇ.എം.മനു, സ്കൂൾ ഡെപ്യൂട്ടി ലീഡർ സ്നേഹ സോണി എന്നിവർ പ്രസംഗിച്ചു. പ്രധാനാധ്യാപകൻ ഷാജി പുൽപള്ളി സ്വാഗതവും സാഹിത്യവേദി കൺവീനർ ഇ.കെ.ഷാന്റി നന്ദിയും പറഞ്ഞു. 'കരുതിയിരിക്കുക എന്റെ വിശപ്പിനെ, എന്റെ കോപത്തെയും' എന്ന കഥയാണ് 5,001 രൂപയും ഫലകവും പ്രശസ്തിപത്രവും പുസ്തകങ്ങളും അടങ്ങുന്ന പുരസ്കാരത്തിന് ആമിയെ അർഹയാക്കിയത്.

കരുതിയിരിക്കുക എൻ്റെ വിശപ്പിനെ എൻ്റെ കോപത്തെയും

കരിയും പുകയും നിറഞ്ഞ നിരത്തിലൂടെ തകർന്ന കെട്ടിടാവിശിഷ്ടങ്ങളിൽ ചവിട്ടി ഇരുവരും കൈകൾ കോർത്തുപിടിച്ച് പറ്റാവുന്ന വേഗത്തിൽ ഓടി കൊണ്ടിരുന്നു.. അമീൻ തന്റെ കാലുകൾ പൊട്ടിയൊലിക്കുന്നതിൻ്റെ വേദന തരി പോലും അറിയുന്നുണ്ടായിരുന്നില്ല. അഫി തൻ്റെ ഇക്കാക്കയുടെ കൈകൾ ഇറുക്കി പിടിച്ചു. "അഫി വേഗം "എനിക്ക് ദാഹിക്കുന്നു, കാലുകൾ കുഴയുന്നു... "

"ഓട് അഫി........ " വയ്യ ഇക്കാ ഞാനിപ്പ വീഴും"

അമീൻ അഫിയെ പൊക്കിയെടുത്ത് കൊണ്ട് ഓടി . ആകാശത്തുക്കൂടി മിസൈലുകളും പോർ വിമാനങ്ങളും അലറിവിളിച്ച് പറക്കുന്നു. ചത്ത കിളികളും മൃഗങ്ങളും മനുഷ്യരും എല്ലാം പലയിടങ്ങളിലായി ചിതറി കിടക്കുന്നുണ്ട്. മാംസം ജീർണിച്ചതിൻ്റെയും കരിഞ്ഞതിൻ്റെയും മണം പ്രദേശത്ത് ആകെ പടർന്നു. അവർ ഓടി ആശുപത്രിയുടെ അടുത്ത് എത്താറായി. തന്റെ വാപ്പ രണ്ടുകാലുകളും നഷ്ടപ്പെട്ട് ഹോസ്പിറ്റലിൻ്റെ വരാന്തയിൽ കിടക്കുന്നുണ്ട്. വാപ്പക്ക് ബോധം വന്നിട്ടുണ്ടാകുമോ.. ? ഉമ്മയെയും ഞങ്ങളെയും തിരയുന്നുണ്ടാകുമോ...? നഷ്ടപ്പെട്ട കാലുകളിൽ നോക്കി നിലവിളിക്കുന്നുണ്ടാകുമോ ?

പെട്ടെന്ന് ഒരു വിമാനം ഹോസ്പിറ്റലിനെ ലക്ഷ്യമിട്ട് പാഞ്ഞു വന്നു.

ഹോസ്പിറ്റലിന്റെ മുകളിലേക്ക് അത് മിസൈലുകൾ തൊടുത്തു ..

അമീൻ അഫിയുടെ കണ്ണുകളും ചെവികളും പൊത്തി പിടിച്ചു.
ഭീകരമായ ശബ്ദത്തിൽ അവിടം ആകെ ചിന്നി ചിതറി ... !!
ആകാശത്തേക്ക് ഉയർന്നുപൊന്തിയ മനുഷ്യരുടെ ശരീര ഭാഗങ്ങളിൽ
ഒന്ന് തൻ്റെ വാപ്പയുടെ താണെന്ന് അഫിക്കും അമീനും
മനസ്സിലായി. ചുണ്ടുകൾ കടിച്ചമർത്തി അഫി വിതുമ്പി കരഞ്ഞു.
അമീൻ കരഞ്ഞില്ല തൻ്റെ കുഞ്ഞുപെങ്ങളെ
വാരിയെടുത്തോടുമ്പോൾ അവൻ ഒമ്പത് വയസ്സുള്ള ചെറിയ
കുട്ടിയാണെന്ന കാര്യം മറന്നു പോയിരുന്നു. നിമിഷങ്ങൾക്കുള്ളിൽ
അതുപോലെ താനും അനുജത്തിയും ചിന്നി ചിതറുമെന്ന കാര്യം
അവന് ഉറപ്പുണ്ടായിരുന്നു .ഇത്തിരി നേരം കൂടി ജീവൻ
നിലനിർത്തിയാൽ അത് അത്ഭുതം തന്നെയാണ്. അഫി വെള്ളം
വേണമെന്ന് പറഞ്ഞു കരയാൻ തുടങ്ങി. അവൾ ആകാശത്തേക്ക്
നോക്കി. പണ്ട് വാപ്പ കടലാസ് കൊണ്ട് ഉണ്ടാക്കി തന്ന കിളിയെ
അവളും അമീനും ആകാശത്ത് പറത്തി കളിച്ചത് ഓർമ്മ വന്നു. ഇന്ന്
മനുഷ്യർ ഉണ്ടാക്കിയ വലിയ കിളികൾ തങ്ങളെ ആക്രമിക്കുന്നത്
അവൾ കരഞ്ഞുകൊണ്ട് നോക്കി നിന്നു.

ഓടുന്നതിനിടയ്ക്ക് ഒരു കല്ലിൽ തട്ടി അമീൻ വീണു. ചെരുപ്പുകൾ
ഇല്ലാത്ത കാലിൽ കല്ലുകൾ തറച്ചു കയറി വേദനകൊണ്ടു
പുളയുന്നുണ്ടെങ്കിലും അഫിയെ അവൻ അടക്കിപിടിച്ചു. അവന്റെ
കാലിലെ നഖം അടർന്ന് വിരലിൽ തൂങ്ങികിടന്നിരുന്നു. വേദന
വകവെക്കാതെ അമീൻ അഫിയെ നെഞ്ചിലടക്കിപിടിച്ച്
ഓടിക്കൊണ്ടിരുന്നു.... ഊരിയെറിഞ്ഞ പർദ്ദകൾ.... അവരുടെ
ചതഞ്ഞരഞ്ഞ ജഢങ്ങൾ, കുട്ടികളുടെ തുളവീണ ഉടലുകൾ....

ആണെന്നോ പെണ്ണെന്നോ വേർതിരിക്കാനാവാത്ത കരിപുരണ്ട കുറെ മുഖങ്ങൾ.

പെട്ടന്ന് അമീൻ ബൂട്ടുകളുടെ ശബ്ദം കേട്ടു.

പട്ടാളക്കാരെയാണ് കണ്ടത്. അഫിയും അമീനും വിറച്ചു. അവൻ തനിക്ക് എന്ത് സംഭവിച്ചാലും തൻ്റെ കുഞ്ഞനിയത്തിക്ക് ഒന്നും പറ്റരുത് എന്ന്

തോക്കുകളിൽ ഉണ്ട നിറയ്ക്കുന്ന ശബ്ദം. തിരിഞ്ഞു നോക്കിയപ്പോൾ തോക്കും പിടിച്ച് പുറകിലൂടെ ഓടി വരുന്ന മൂന്ന് ഉള്ളുരുകി ആഗ്രഹിച്ചു. പട്ടാളക്കാർ അവരെ പിന്തുടർന്നു .. ഭയം കൊണ്ട് അഫി യുടെ ചോരയൊലിക്കുന്ന ചുണ്ടുകൾ വിറച്ചു ... തൊണ്ട് വരണ്ടിരിക്കുന്നു.. ഉമിനീർ ഇറക്കി ഇറക്കി അവളുടെ വായ കഴിച്ചു. പട്ടാളക്കാർ വെടിയുണ്ടകൾ അവർക്ക് നേരെ പായിച്ചു. അക്കീൻ ഓട്ടത്തിൻ്റെ വേഗതയും ദിശയും മാറ്റിയത് കൊണ്ട് ഒരു ഉണ്ട പോലും അഫിയുടെയും അമിൻ്റെയും ദേഹ കൊണ്ടില്ല. അവർ ഒരു ഇടുങ്ങിയ സ്ഥലത്തെത്തി. ഇനിയും വെള്ളം കിട്ടാതിരുന്നാൽ അഫിക്ക് എന്തെങ്കിലും സംഭവിക്കും എന്ന് അറിഞ്ഞു കൊണ്ട് അവൻ അഫിയെ താഴെയിറക്കി.

അവളെ കല്ലുകൾക്കിടയിൽ ഒളിപ്പിച്ചു "എവിടെ നിന്നെങ്കിലും ഇത്തിരി വെള്ളം കിട്ടുമെന്ന് നോക്കട്ടെ..."

അവൾ അവൻ്റെ കൈകൾ മുറുകെ പിടിച്ചു വലിച്ചു. അവൾ ഇക്കാ എന്നും വാപ്പ എന്നും അലറി വിളിച്ചു കരയാൻ തുടങ്ങി അവളെ നെഞ്ചോട് ചേർത്ത് പിടിച്ചപ്പോൾ കുഞ്ഞു പെങ്ങളുടെ നെറ്റിയിൽ അവൻ മുത്തം കൊടുത്തു. കരഞ്ഞുകൊണ്ടവൻപറഞ്ഞു.

" മോളെ ഇക്കാക്ക വരുന്നതു വരെ ഇവിടെ നിന്ന് എഴുന്നേൽക്കരുത്, വെള്ളവും കൊണ്ടു ഇക്കാക്ക ഇപ്പ വരാം" അവളുടെ കുഞ്ഞു കൈകൾ തൻ്റെ കൈകളിൽനിന്ന് അടർത്തിമാറ്റി അവൻ തിരിഞ്ഞു നോക്കാതെ ഓടി ... പട്ടാളക്കാർ അമിനെ കണ്ടിരുന്നു. അവരുടെ ശ്രദ്ധ അവളുടെ അടുത്തേക്ക് ചെല്ലാതിരിക്കാൻ അവൻ അവരെ പ്രകോപിപ്പിച്ചു കൊണ്ട് ഓടി... ബൂട്ടുകളുടെ ശബ്ദം അടുത്തെത്തുന്നത് അവൻ അറിഞ്ഞു. അമീൻ

പട്ടാളക്കാർ അവൻറെ പുറകെ ഓടുന്നുണ്ട്

...... കാലുകൾ ഇല്ലാത്ത വാപ്പ ..., പുകപടലങ്ങൾക്കുള്ളിൽ എവിടെയോ കത്തി തീർന്ന ഉമ്മകണ്ണിൽ തുളച്ചു കയറിയ ഇത്താത്ത .,, എല്ലാവരും ആകാശത്തിലെ മേഘങ്ങളിൽ തെളിഞ്ഞു കാണുന്നു

കുഞ്ഞു കൈകൾ ആട്ടിയാട്ടി ക്കൊണ്ട് സ്കൂൾ വിട്ട് വരുന്ന അഫി അവന്റെയുള്ളിൽ നിറഞ്ഞു നിന്നു. അവൻ നെഞ്ചു പിടഞ്ഞ് ഒരു ഭ്രാന്തനെ പോലെ അലറി ... അകലെ യല്ലാതെങ്ങോ പണ്ട് ടീച്ചർ പാടിത്തന്ന മഹമൂദ് ദർവിഷിൻ്റെ കവിത അവൻ കേട്ടു

" രേഖപ്പെടുത്തുന്നു ഞാൻ ഒരു അറബാണ്. ഞാൻമനുഷ്യരെ വെറുക്കുന്നില്ല ഞാൻ ആരുടെയും ഭൂമിയിൽ അതിക്രമിച്ചു കയറുന്നില്ല. എന്നിട്ടും എനിക്ക് വിശക്കേണ്ടി വരികയാണെങ്കിൽ ഞാൻ എന്നെ അടിച്ചമർത്താൻ വരുന്നവൻ്റെ മാംസം ഭക്ഷിക്കും. കരുതിയിരിക്കുക

എൻറെ വിശപ്പിനെയും കോപത്തെയും "

അവൻ ഓടിയോടി അവൻ്റെ സ്കൂൾ മുറ്റത്ത് എത്തി ... തകർന്നു കിടക്കുന്ന തന്റെ സ്കൂൾ ...

ഒരിക്കൽ എല്ലാം അവസാനിച്ചക്കും ചെടികൾ മുളയ്ക്കും പൂക്കൾ വിരിയും സ്ക്കുൾ തുറക്കും ... ഹസ്ന ടീച്ചർ ക്ലാസിൽ വരും ഒഴിഞ്ഞു കിടക്കുന്ന ബെഞ്ചുകൾ കണ്ട് ടീച്ചർ നിലവിളിക്കും ... പൊടി പടലങ്ങൾ ഒതുങ്ങും....

പെട്ടെന്ന് കീറിപ്പറഞ്ഞ തൻ്റെ വസ്ത്രത്തിനുള്ളിലൂടെ ഹൃദയത്തിലേക്ക് ഒരു വെടിയുണ്ട ആഴ്ന്നിറങ്ങുന്നത് അവൻ അറിഞ്ഞു.... അവൻ നെഞ്ചിൽ കൈപൊത്തി അലറികൊണ്ട് നിലത്തു വീണു ... ഇരുട്ട്.... കട്ടകുത്തിയ ഇരുട്ടിലേക്ക് അവൻ മുങ്ങി പോകുന്നു...

ഇക്കാക്കയെ കാത്ത് കാത്തിരുന്ന അഫി എന്തിയേന്തി കരഞ്ഞു. മിസൈലുകളും പോർവിമാനങ്ങളും അങ്ങോട്ടുമിങ്ങോട്ടും പറക്കുന്നത് അവൾ കണ്ടു. വെള്ളം കിട്ടാതെ തൊണ്ട അത്രമേൽ വേദനിച്ചപ്പോൾ തൻറെ തലയിലൂടെ ഒഴുകിവരുന്ന വിയർപ്പ് അവൾ നുണഞ്ഞിറക്കി. ഇരുട്ടു പടർന്നിട്ടും ഇക്കാക്കയെത്താതിൽ അഫി പേടിച്ചു ആ കല്ലുകൾക്കിടയിൽ കൂനി കൂടിയിരുന്നു. വിശന്ന് തളർന്ന് അവൾ നിലത്തേക്ക് ഊർന്നു വീണു.... പതിയെ അവൾ ഉറക്കത്തിലേക്ക് ആണ്ടുപോയി. മിസൈലുകളും പോർ വിമാനങ്ങളും അവളെ ഉറക്കത്തിൽ നിന്ന് വിളിച്ചുണർത്തി കൊണ്ടിരുന്നു.

ഇരുട്ടിൻറെ മറവിൽ നിന്നാരോ ഒരു കവിത ചൊല്ലുന്നു. തൻറെ ഇക്കാക്കയുടെ ശബ്ദം പോലെയാണവൾക്കത് തോന്നിയത്... വെള്ളവുമായി ഇക്കാക്ക തൻ്റെ അരികിലേക്ക് വരികയായിരിക്കും. അവളും തളർന്നതെങ്കിലും ഉറച്ച ശബ്ദത്തിൽ ആ കവിത ഏറ്റുപാടി

"കരുതിയിരിക്കുക എൻറെ വിശപ്പിനെ എൻറെ കോപത്തെയും"

ഇ എസ് ആമി

## അമ്മക്ക് തുല്യം അമ്മ മാത്രം

സ്നേഹ സമുദ്രമാണെൻ്റെ അമ്മ
കാരുണ്യ വാരിധിയാണെൻ്റെ അമ്മ
ഭൂമി മാതാവേ നിൻ വയറ്റിൽ
പിറന്നതാ ഞങ്ങൾ
കുറ്റം ചെയ്താൽ ശാസിക്കുമമ്മ
എൻ ജീവമാർഗദർശിയാണെൻ്റെ അമ്മ
എൻ കുടുംബത്തിൻ്റെ ദീപമാണമ്മ
ദേവീതുല്യമാണമ്മ
പുലർകാല ദീപമാണമ്മ
ദിനവും പ്രകാശിക്കുമെന്നമ്മ
നെഞ്ചോട് ചേർത്തെന്നെ വാരിപ്പുണർന്നു
നെറ്റിയിൽ തരുമൊരു ചുംബനം എന്നും
പോറ്റിവളർത്തിയതെൻ്റെയമ്മ
എന്നും എൻ്റെയമ്മ എൻ്റേത് മാത്രം

Emilda Mary Shibu

# റിയൽ ഹീറോ

ഇന്ത്യയിലെ സ്വാതന്ത്ര്യ സമര സേനാനികളാ ഇന്ത്യയുടെ യഥാർത്ഥ ഹീറോ. നാം ആസ്വദിക്കുന്ന സ്വാതന്ത്ര്യം നമുക്ക് എളുപ്പം ലഭിച്ച ഒന്നല്ല ഈ സ്വാതന്ത്ര്യത്തിന് പിന്നിൽ സ്വന്തം ജീവിതത്തെകുറിച്ച് ചിന്തിക്കാതെ, മാതൃരാജ്യത്തിനായി ജീവിതം സമർപ്പിച്ച ഇന്ത്യയുടെ സ്വാതന്ത്ര്യ സമര സേനാനികളുടെ പോരാട്ടമുണ്ട്. 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം ആഘോഷിക്കുന്നതിന് പിന്നിൽ, ആയിരക്കണക്കിന് വീരരും ദേശസ്നേ-- ഹികളുമായ ഇന്ത്യൻ സ്വാതന്ത്ര്യ പോരാളികൾ നടത്തിയ ഭയാനകമായ കലാപങ്ങളുടെയും സംഘട്ടനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ചരിത്രമുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി ബ്രിട്ടീഷുകാരുമായി പോരാടിയവർ, ജീവൻ സമർപ്പിച്ചവർ, റിയൽ ഹീറോസ്....

സ്വാതന്ത്ര്യം ആസ്വദിക്കുമ്പോൾ നമ്മുക്ക് വേണ്ടി ജീവൻ വെടിയുകയും അപാരമായ ത്യാഗങ്ങളിലൂടെ കടന്നുപോവുകയും ചെയ്ത നമ്മുടെ പൂർവികരെ ഓർക്കണം. വിവിധ മാർഗങ്ങളിലൂടെ ഇന്ത്യയെ ചങ്ങലകളിൽ നിന്ന് മോചിപ്പിക്കാനുള്ള ഇന്ത്യൻ ജനതയുടെ ഉണർവായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യ സമരം.

"മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, പക്ഷേ എല്ലായിടത്തും ചങ്ങലയിലാണ്" റൂസോയുടെ മഹത്തായ ഈ വാക്കുകൾ ഞാൻ കടമെടുക്കട്ടെ. സ്വതന്ത്രനായി ജനിച്ച ഇന്ത്യൻ ജനതയെ എല്ലാവിധ ചങ്ങലകളിൽ നിന്നും മോചിപ്പിച്ചത് ഇന്ത്യ യയുടെ യഥാർത്ഥ വീരർ ആണ്. നമ്മൾ നമ്മുടെ സ്ക്കൂൾ കാലം മുതൽ ഇന്ത്യയുടെ സ്വാതന്ത്ര്യ സമര സേനാനികളെക്കുറിച്ച് പഠിക്കുന്നു .അവരുടെ ജീവിതം മാതൃകയാക്കി നാമ്മുക്കും ഒരു റിയൽ ഹീറോയാകാം.

**അഞ്ജു ബെന്നി**

# NIHILITY

Eternal dark at burning core
 empty sounds with pitch black hue
barren thoughts on desolated mind
vanished hopes never to rise

Infinite void descends down
falling to depths unknown
seconds are minutes and
minutes are hours.
awaiting the next cons to come

Everything lost and everything
gained feeling cohole and none at
once
mind that feels vast and stray
into the infinite void I fell.

Jeevan Varghese

# Nature

Nature is the mystic veil that supports life
Nature is our mother who guards. cares,
loves and punishes

Every occurance is due to its lanes The most
wonderful thing ever is full of love and
beauty.

Sun, water, air, land gifts of nature No one
can ever imagine A life without nature.

Ramya Rajan

# ശാസ്ത്രമേള-നേട്ടങ്ങൾ



ഉപജില്ല
സാമൂഹ്യശാസ്ത്രമേളയിൽ
ഓവറോൾ



റവന്യൂ ജില്ലാ
സാമൂഹ്യശാസ്ത്രമേളയിൽ
ഓവറോൾ






BE THE
GAME
CHANGER



# സംസ്ഥാനതല വിജയികൾ






# ശിശുദിനാഘോഷത്തിൽ നിന്ന്









നവംബർ – 14
ശിശുദിനം


നവംബർ – 14



# ANNUAL DAY 2024






"പെരുമ 2k24"


മഞ്ജീരം

# സ്കൂൾ പ്രവർത്തനങ്ങൾ








## സ്കൂൾ നാടകം





ലഹരിക്കെതിരെ സൈക്കിൾ റാലി



ലഹരി വിരുദ്ധ പ്രചരണറാലി






## പഠനോൽസവം



## ക്രീസ്തമസ് ആഘോഷം







# സ്കൂൾ ശാസ്ത്രമേള









വീരക്കല്ല്
കേരളത്തിൽ കൂടുതലായി കാണപ്പെടുന്ന മഹാശിലായുഗാവശിഷ്ടങ്ങളിൽ ഒന്നാണ് വീരക്കല്ല്. സംഘട്ട-
നങ്ങളിൽ വീരമൃത്യു വരിച്ച പോരാളികളുടെ ഓർമ്മയ്ക്കായി കുത്തിനിറുത്തിയ നീണ്ടു പര-
ന്നതായ കല്ലുകളാണ് വീരക്കല്ലുകൾ. നടുകല്ലുകൾ അഥവാ ഏകശിലാസ്മാരകങ്ങൾ എന്നും ഇവയ്ക്ക്
പേരുണ്ട്. BCE 3-ാം നൂറ്റാണ്ടിനും CE 15-ാം നൂറ്റാണ്ടിനും ഇടയിലാണ് ഇവയുടെ കാലം.


നവീകരിച്ച പ്രീപ്രൈമറി സമുച്ചയം
ആധുനിക സൗകര്യങ്ങളോടുകൂടിയ
സ്മാർട്ട് ക്ലാസ്സ് മുറികൾ
പ്രീസ്കൂൾ കുട്ടികൾക്ക് ആവശ്യമായ 13ഇടങ്ങൾ
ഊഞ്ഞാൽ, ഗുഹ, കുളം, സ്ലൈഡ്, മെറിഗോറൗണ്ട്,
തീവണ്ടി, സീസോ, ഏറുമാടം, ഹരിതോദ്യാനം,
വായനായിടം, ഗണിതയിടം, ഭാഷാവികസനയിടം,
വരയിടം, സംഗീതയിടം, അരങ്ങിടം
ടി. വി., ഹോം തീയറ്റർ, പ്രൊജക്റ്റർ, etc
സർക്കാർ യോഗ്യതയുള്ള അധ്യാപകരുടെ സേവനം
പോഷക സമൃദ്ധമായ ഭക്ഷണം
ഓരോ കുട്ടിയേയും പരിഗണിച്ചുകൊണ്ടുള്ള
പഠന പഠനാനുബന്ധപ്രവർത്തനങ്ങൾ
കൃത്യമായ ക്ലാസ്സ് പി. ടി. എ. കൾ
രക്ഷിതാക്കൾക്കുള്ള
ബോധവൽക്കരണ ക്ലാസുകൾ
ശിശു കേന്ദ്രീകൃതമായ കലാകായിക
ശാസ്ത്രമേളകൾ
ഭിന്നശേഷിക്കുട്ടികൾക്കുള്ള
പ്രത്യേക പരിശീലനങ്ങൾ
കുട്ടികളുടെ ആരോഗ്യ
സംരക്ഷണ സംവിധാനങ്ങൾ
































# പഠനയാത്ര







# ചിത്രരചനകൾ





SUBHASH
CHANDRA
BOSS



Bhagath Singh
By fidha fathima MJ
8:B




Dream is not that you see in sleep. Dream is some thing that does not let you sleep




Be Strong and
Courageous


By
Diya

## സ്കൂൾ പാർലമെൻററ് തിരഞ്ഞെടുപ്പ്



## ആരോഗ്യ പരിശോധന




ഗവ. ഹയർ സെക്കണ്ടറി സ്കൂൾ
പെരിക്കല്ലൂർ
രാജ്യപുരസ്കാർ 2023-24
ജേതാക്കൾ
കൃതിക കൃഷ്ണ
അശ്വിനി വിനോദ്
ഗായത്രി ഗിരീഷ്
അഭിനന്ദനങ്ങൾ
ദേവപ്രിയ ജിതേഷ്
ഫിദ ഫാത്തിമ പി.ബി.
നിയ ഫാത്തിമ പി.
സ്റ്റാഫ്, പി.ടി.എ. & എസ്.എം.സി.

Be thankful to the mighty one. Try to see the presence of God or a positivity in others. A drop of ink changes the entire colour of water in a vessel. If the ink is a good deed it will bring a good result. The result will be worse. Respect Everyone .

# THANKYOU.....